# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 5019 04.07.2012-ൽ മറുപടിയ്ക്ക് ഉണ്ടായിരുന്നത്

നിരോധന ഉത്തരവ് ലംഘിച്ച് പ്രകടനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ:<br>ശ്രീ.പി. ബി. അബ്ദുൾ റസാക്:<br>ശ്രീ വി. എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ.സി. മോയിൻകുട്ടി: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിലെ എം. ജി. റോഡിൽ പ്രകടനങ്ങൾ നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ നിരോധനം പ്രാബല്യത്തിലുള്ള സമയം ഏതാണെന്ന് വ്യക്തമാക്കാമോ; | (എ) നിലവിലുണ്ട്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ 11 മണി വരെയും വൈകിട്ട് 4 മണി മുതൽ 6 മണി വരെയും തലസ്ഥാന നഗരിയിലെ MG റോഡിൽ പ്രകടനങ്ങൾക്ക് നിരോധനം ഏർപ്പെടുത്തി കൊണ്ടുള്ള കോടതി ഉത്തരവ് പ്രാബല്യത്തിലുണ്ട്. |
| (ബി) 2012 ജൂൺ 11 മുതൽ ഏതെല്ലാം ദിവസങ്ങളിൽ ഏതെല്ലാം സംഘടനകൾ നിരോധനം ലംഘിച്ച് പ്രകടനങ്ങൾ നടത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നൽകാമോ; | (ബി) നിരോധിത സമയത്ത് എം.ജി റോഡിൽ എസ്.എഫ്.ഐ ഒരു പ്രകടനം നടത്തിയിട്ടുണ്ട്. എസ്.എഫ്. ഐ ഇടുക്കി ജില്ലാ പ്രസിഡന്റായിരുന്ന അനീഷ് രാജിന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് എസ്.എഫ്.ഐ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 200 ഓളം പ്രവർത്തകർ ബഹു. മുഖ്യമന്ത്രി പങ്കെടുത്ത ചടങ്ങ് തടസപ്പെടുത്തുന്നതിനായി വി.ജെ.റ്റി ഹാളിന് മുൻവശം ന്യായവിരുദ്ധമായി സംഘം ചേരുകയും ഹാളിന് മുൻവശത്തുള്ള പബ്ളിക് റോഡിൽ കുത്തിയിരുന്ന് പൊതുജനങ്ങൾക്കും, വാഹനങ്ങൾക്കും തടസ്സം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ഇതിൽ ഏതൊക്കെ സംഘടനകൾ എത്ര തവണ വീതം പ്രകടനം തടയാൻ ശ്രമിച്ച പോലീസിനെ ആക്രമിക്കുകയും നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്; | (സി) 14.06.2012 ൽ എസ്.എഫ്.ഐ പ്രവർത്തകർ നടത്തിയ പ്രകടനം അക്രമാസക്തമായതിനെ തുടർന്ന് തടയാൻ ശ്രമിച്ച പോലീസുദ്യോഗസ്ഥരെ പ്രവർത്തകർ ആക്രമിക്കുകയും വാഹനങ്ങൾക്ക് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിരോധനം ലംഘിച്ചതിനും പോലീസിനെ ആക്രമിച്ചതിനും പൊതുമുതൽ നശിപ്പിച്ചതിനുമെതിരെ എത്ര പേരുടെ പേരിൽ കേസെടുത്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; | (ഡി) | എസ്.എഫ്.ഐ ജില്ലാ പ്രസിഡന്റ് ബാലമുരളി, എസ്.എഫ്.ഐ സംസ്ഥാന കമ്മിറ്റി അംഗം എ.എ. റഹിം എന്നിവരുൾപ്പെടെ 200 ഓളം എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം നം. 532/12 u/s 143,147,148, 149, 283, 39 & r/w121 of KP Act Sec.4(1) r/w 6 of The Kerala Public Ways (Restriction of Assemblies and Procession) Act 2011 പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 40 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | ഇത്തരം കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കി ചാർജ്ഷീറ്റ് കോടതിക്കു നൽകാൻ നിർദ്ദേശം നൽകാമോ? | (ഇ) | ഇത്തരം കേസുകൾ പരമാവധി വേഗത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിക്കുവാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ